روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

sufaraulislam.com

# പത്തു കടമകൾ

02/09/2022

بسم الله الرحمن الرحيم

- "പത്ത് കടമകൾ വിവരിക്കുന്ന ആയത്ത്" എന്ന പണ്ഡിതന്മാർ പരിചയപ്പെടുത്തിയ ആയത്താണ് നാലാം അദ്ധ്യായത്തിലെ 36 മത്തെ ആയത്ത്.

وَاعْبُدُوا اللَّهَ وَلَا تُشْرِكُوا بِهِ شَيْئًا ۖ وَبِالْوَالِدَيْنِ إِحْسَانًا وَبِذِي الْقُرْبَىٰ وَالْيَتَامَىٰ وَالْمَسَاكِينِ وَالْجَارِ ذِي الْقُرْبَىٰ وَالْجَارِ الْجُنُبِ وَالصَّاحِبِ بِالْجَنبِ وَابْنِ السَّبِيلِ وَمَا مَلَكَتْ أَيْمَانُكُمْ ۗ إِنَّ اللَّهَ لَا يُحِبُّ مَن كَانَ مُخْتَالًا فَخُورًا ﴿٣٦/٤﴾

**1. നിങ്ങൾ അല്ലാഹുവെ ആരാധിക്കുക**

وَاعْبُدُوا اللَّهَ وَلَا تُشْرِكُوا بِهِ شَيْئًا ۖ

മനുഷ്യന്റെ കടമകളിൽവെച്ച് പരമപ്രധാനമായത് അവന്റെ സ്രഷ്ടാവും, രക്ഷിതാവുമായ അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനോട് മറ്റൊന്നിനെയും പങ്കു ചേർക്കാതിരിക്കുകയും ചെയ്യുകയാണ്. അതാണ് കടമകളിൽ ഒന്നാമതായി അല്ലാഹു പറഞ്ഞിട്ടുള്ളത്.

عَنْ مُعَاذٍ ـ رضى الله عنه ـ قَالَ كُنْتُ رِدْفَ النَّبِيِّ صلى الله عليه وسلم عَلَى حِمَارٍ يُقَالُ لَهُ عُفَيْرٌ، فَقَالَ يَا مُعَاذُ، هَلْ تَدْرِي حَقَّ اللَّهِ عَلَى عِبَادِهِ وَمَا حَقُّ الْعِبَادِ عَلَى اللَّهِ . قُلْتُ اللَّهُ وَرَسُولُهُ أَعْلَمُ. قَالَ فَإِنَّ حَقَّ اللَّهِ عَلَى الْعِبَادِ أَنْ يَعْبُدُوهُ وَلاَ يُشْرِكُوا بِهِ شَيْئًا، وَحَقَّ الْعِبَادِ عَلَى اللَّهِ أَنْ لاَ يُعَذِّبَ مَنْ لاَ يُشْرِكُ بِهِ شَيْئًا

മുആദ് (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: ഞാനൊരു കഴുതപ്പുറത്ത് നബിയുടെ പിറകിൽ യാത്ര ചെയ്യുന്നവനായിരുന്നു. അപ്പോൾ നബി ﷺ എന്നോട് ചോദിച്ചു : മുആദ് , അടിമകളുടെ മേൽ അല്ലാഹുവിന്റെ അവകാശം എന്താണെന്നും അല്ലാഹുവിന്റെ മേലുള്ള അടിമകളുടെ അവകാശങ്ങൾ ഏതൊക്കെയാണെന്നും നിനക്കറിയുമോ? ഞാൻ പറഞ്ഞു : അല്ലാഹുവും അവന്റെ പ്രവാചകനുമാണ് ഏറ്റവും നന്നായി അറിയുന്നവൻ. നബി ﷺ പറഞ്ഞു : അടിമകളുടെ മേലുള്ള അല്ലാഹുവിന്റെ അവകാശം അവനെ മാത്രം ആരാധിക്കണമെന്നും അവനിൽ യാതൊന്നിനെയും പങ്ക് ചേർക്കരുത് എന്നതാണ്. അടിമകൾക്ക് അവന്റെ (അല്ലാഹുവിന്റെ ) മേലുള്ള അവകാശമാകട്ടെ അല്ലാഹുവിൽ ഒന്നിനെയും പങ്ക് ചേർക്കാത്തവരെ അവൻ ശിക്ഷിക്കുകയില്ല എന്നതുമാണ്. (ബുഖാരി)

عَنْ مُعَاذِ بْنِ جَبَلٍ، قَالَ كُنْتُ مَعَ النَّبِيِّ صلى الله عليه وسلم فِي سَفَرٍ فَأَصْبَحْتُ يَوْمًا قَرِيبًا مِنْهُ وَنَحْنُ نَسِيرُ فَقُلْتُ يَا رَسُولَ اللَّهِ أَخْبِرْنِي بِعَمَلٍ يُدْخِلُنِي الْجَنَّةَ وَيُبَاعِدُنِي مِنَ النَّارِ . قَالَ " لَقَدْ سَأَلْتَنِي عَنْ عَظِيمٍ وَإِنَّهُ لَيَسِيرٌ عَلَى مَنْ يَسَّرَهُ اللَّهُ عَلَيْهِ تَعْبُدُ اللَّهَ وَلاَ تُشْرِكُ بِهِ شَيْئًا وَتُقِيمُ الصَّلاَةَ وَتُؤْتِي الزَّكَاةَ وَتَصُومُ رَمَضَانَ وَتَحُجُّ الْبَيْتَ "

മുആദ് (റ) വിൽ നിന്ന് നിവേദനം: ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, നരകത്തിൽ നിന്നെന്നെ അകറ്റുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനമേതാണെന്ന് എനിക്ക് പറഞ്ഞുതരിക. നബി ﷺ പറഞ്ഞു: വലിയ ഒരു കാര്യത്തെപറ്റിയാണ് നീ ചോദിച്ചത്. അല്ലാഹു എളുപ്പമാക്കി കൊടുത്തവർക്ക് നിഷ്പ്രയാസം ചെയ്തു തീർക്കാൻ കഴിയുന്നതാണ് അത്. നീ അല്ലാഹുവിനെ മാത്രം ആരാധിക്കുക, യാതൊന്നിനെയും അവനോട് പങ്കുചേർക്കാതിരിക്കുക, കൃത്യ നിഷ്ഠയോടെ നമസ്കാരം നിലനിർത്തുക, നിർബന്ധ ദാനം കൊടുത്തു വീട്ടുക, സാധ്യമെങ്കിൽ ഹജ്ജ് നിർവ്വഹിക്കുക എന്നിവയാണവ. (തിർമിദി)

**2. മാതാപിതാക്കളോട് നന്മ ചെയ്യുക.**

وَبِالْوَالِدَيْنِ إِحْسَانًا

- അല്ലാഹുവിനോടുള്ള കടമ കഴിച്ചാൽ പിന്നീട് മനുഷ്യൻ ഏറ്റവും കടപ്പെട്ടിരിക്കുന്നത് അവന്റെ മാതാപിതാക്കളോടാണ്. അതാണ് അല്ലാഹു രണ്ടാമതായി പറഞ്ഞിട്ടുള്ളത്.
- അല്ലാഹുവിനോടുള്ള കടമയെക്കുറിച്ചു പറഞ്ഞ ഉടനെ അതിനോട് ചേർത്തുകൊണ്ട് മാതാപിതാക്കൾക്ക് നന്മചെയ്യുവാൻ കല്പിക്കുന്നത്.
- ഇപ്രകാരം ഖുർആനിൽ വേറെ സ്ഥലങ്ങളിലും കാണാം. (2:83; 17:23; 31:14) കാണുക)
- മാതാപിതാക്കളോട് നന്നായി വർത്തിക്കുകയും, അവരെ വെറുപ്പിക്കാതിരിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് ഖുർആനും തിരുസുന്നത്തും ആവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്..
- അവർക്ക് വേണ്ടുന്ന എല്ലാവിധ സഹായ സഹകരണങ്ങളും സേവനങ്ങളും നൽകുക, അവരുടെ ഉദ്ദിഷ്ടങ്ങൾ സാധിപ്പിച്ചുകൊടുക്കുക, അവർക്ക് അനിഷ്ടമായതൊന്നും ചെയ്യാതിരിക്കുക, അവരോട് ബഹുമാനത്തിലും, മര്യാദയിലും

പെരുമാറുക, നല്ല വാക്കുകൾ മാത്രം പറയുക മുതലായവയാണ് മക്കൾ മാതാപിതാക്കളോട് ചെയ്യേണ്ടുന്ന കടമകൾ എന്ന് മൊത്തത്തിൽ പറയാം.

عَنْ عَبْدِ اللَّهِ قَالَ سَأَلْتُ النَّبِيَّ صلى الله عليه وسلمأَىُّ الْعَمَلِ أَحَبُّ إِلَى اللَّهِ قَالَ الصَّلاَةُ عَلَى وَقْتِهَا. قَالَ ثُمَّ أَىُّ قَالَ ثُمَّ بِرُّ الْوَالِدَيْنِ . قَالَ ثُمَّ أَىُّ قَالَ الْجِهَادُ فِي سَبِيلِ اللَّهِ .قَالَ حَدَّثَنِي بِهِنَّ وَلَوِ اسْتَزَدْتُهُ لَزَادَنِي.

അബ്ദുല്ല (റ) വിൽ നിന്ന് നിവേദനം: അദ്ദേഹം പറയുന്നു: ഏത് പ്രവൃത്തിയാണ് അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടതെന്ന് നബി ﷺ യോട് ഞാൻ ചോദിച്ചു. അവിടുന്ന പറഞ്ഞു: നമസ്കാരം അതിന്റെ സമയത്ത് നിർവ്വഹിക്കൽ. (വീണ്ടും) ചോദിച്ചു: പിന്നെ ഏതാണ്? അവിടുന്ന് പറഞ്ഞു: മാതാപിതാക്കൾക്ക് നൻമ ചെയ്യൽ. ( വീണ്ടും) ചോദിച്ചു: പിന്നെ ഏതാണ്? അവിടുന്ന് പറഞ്ഞു: അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ജിഹാദ്. അദ്ധേഹം പറയുന്നു: ഈ കാര്യങ്ങൾ നബി ﷺ എന്നോടു പറഞ്ഞതാണ്. ഇനിയും കൂടുതൽ ഞാൻ ചോദിച്ചിരുന്നുവെങ്കിൽ തീർച്ചയായും കൂടുതൽ എനിക്കു പറഞ്ഞുതരുമായിരുന്നു. (ബുഖാരി)

### 3. അടുത്ത ബന്ധുക്കളോടും...

ഇവിടെ മനസ്സിലാക്കേണ്ടത് അടുത്ത ബന്ധമുള്ള കുടുംബങ്ങളാണ്. സ്വന്തം സഹോദര സഹോദരികൾ, മാതാപിതാക്കളുടെ സഹോദര സഹോദരികൾ, അവരുടെയെല്ലാം മക്കൾ എന്നിവരെല്ലമാണ്.

عَنْ عَائِشَةَ رضى الله عنها زَوْجِ النَّبِيِّ صلى الله عليه وسلم عَنِ النَّبِيِّ صلى الله عليه وسلم قَالَ: الرَّحِمُ شِجْنَةٌ، فَمَنْ وَصَلَهَا وَصَلْتُهُ، وَمَنْ قَطَعَهَا قَطَعْتُهُ

ആയിശ (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: കുടുംബ ബന്ധം അല്ലാഹുവിന്റെ സിംഹാസനത്തിൽ ബന്ധിച്ചിരിക്കുകയാണ്. അത് സദാ സമയവും ഇങ്ങനെ പറഞ്ഞ് കൊണ്ടിരിക്കുന്നു. എന്നെ ചേർക്കുന്നവനെ അല്ലാഹു ചേർക്കട്ടെ. എന്നെ വിഛേദിക്കുന്നവനെ അല്ലാഹുവും വിഛേദിക്കട്ടെ. (ബുഖാരി)

- ബന്ധങ്ങൾ പ്രത്യേകിച്ച് അടുത്ത ബന്ധങ്ങൾ തകരുന്ന വാർത്തകൾ കേൾക്കുന്ന ഈ കാലത്ത് അല്ലാഹുവിന്റെ ഈ കൽപ്പന വിശ്വാസികൾ ഗൌരവ്വത്തോടെ കാണണം.

**4. അനാഥരോട്...**

- ആയത്തിൽ പഠിപ്പിക്കുന്ന നാലമത്തെ കടമകൾ അനാഥരോടാണ്.
- പിതാവ് മരിച്ച പ്രായപൂർത്തിയാകാത്ത മക്കളാണ് യതീമുകൾ അഥവാ അനാഥകൾ.

عَنْ سَهْلٍ، قَالَ رَسُولُ اللَّهِ صلى الله عليه وسلم أَنَا وَكَافِلُ الْيَتِيمِ فِي الْجَنَّةِ هَكَذَا . وَأَشَارَ بِالسَّبَّابَةِ وَالْوُسْطَى، وَفَرَّجَ بَيْنَهُمَا شَيْئًا.

സഹ്ൽ (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു:അനാഥ സംരക്ഷകനും ഞാനും സ്വർഗത്തിൽ ഇപ്രകാരമാണ്. നബി ﷺ ചൂണ്ടുവിരലും നടുവിരലും അൽപം വിടർത്തി ആംഗ്യം കാണിച്ചു. (ബുഖാരി)

عن عدي بن حاتم الطائي: قَالَ رَسُولُ اللَّهِ صلى الله عليه وسلم : مَن ضمَّ يتيمًا له أو لغيرِه حتّى يُغنِيَه اللهُ عنه وجَبَتْ له الجنَّةُ

നബി ﷺ പറഞ്ഞു: ഒരാൾ തനിക്കുള്ള ഒരു യതീമിനെ അല്ലെങ്കിൽ അന്യനായ ഒരാളുടെ യതീമിനെ അല്ലാഹു ആ യതീമിന് സ്വയം പര്യാപ്തത നൽകുന്നതുവരെ തന്നിലേക്ക് ചേർത്ത് വളർത്തിയാൽ അയാൾക്ക് സ്വർഗം നിർബന്ധമായി. (ത്വബ്റാനി)

**5. മിസ്കീനുകളോടാണ് (അതായത് സാധുക്കൾ).**

- ആരാണ് മിസ്കീൻ?

അൽപമൊക്കെ വകയുണ്ടെങ്കിലും അതുകൊണ്ട് തികയാതെ വരുന്നവനാണ് മിസ്കീൻ. അവൻ തൻറെ സ്ഥിതി പുറമെയുള്ളവരെ അറിയിക്കാത്തവിധം മൂടിവെച്ചുകൊണ്ട് മാനവും മാന്യതയും കാത്തുസൂക്ഷിച്ചുകൊണ്ടിരിക്കും.

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : لَيْسَ الْمِسْكِينُ بِالَّذِي تَرُدُّهُ التَّمْرَةُ وَالتَّمْرَتَانِ وَلاَ اللُّقْمَةُ وَاللُّقْمَتَانِ إِنَّمَا الْمِسْكِينُ الْمُتَعَفِّفُ اقْرَءُوا إِنْ شِئْتُمْ { لاَ يَسْأَلُونَ النَّاسَ إِلْحَافًا}

അബൂഹുറൈറ (റ) വിൽനിന്ന് നിവേദനം: നബി ﷺ പറഞ്ഞു: ഒന്നോ രണ്ടോ കാരക്കയോ, ഒന്നോ രണ്ടോ പിടി ഭക്ഷണമോ കൊടുത്ത് തിരിച്ചയക്കാവുന്നവനല്ല ദരിദ്രൻ, പ്രത്യുത യാചിക്കാതെ മാന്യത പുലർത്തുന്നവനാണ്. നിങ്ങൾ (കൂടുതൽ

മനസ്സിലാക്കുവാൻ) അല്ലാഹുവിന്റെ വചനം കൂടി വായിക്കുക: {അവർ ജനങ്ങളോട് ചോദിച്ച് വിഷമിപ്പിക്കുകയില്ല.} (ഖുർആൻ :2/273) ( മുസ്‌ലിം)

- അത്യാവശ്യങ്ങൾ കഴിച്ചുകൂട്ടുവാൻ ഗതിയില്ലാത്ത പാവങ്ങളായ മിസ്കീൻമാരോടും നമുക്ക് കടമയുണ്ട്. അവരുടെ കാര്യങ്ങൾക്കായി പരിശ്രമിക്കുന്നവർക്ക് വലിയ പ്രതിഫലമുണ്ട്.

عَنْ أَبِي هُرَيْرَةَ ـ رضى الله عنه ـ قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم: السَّاعِي عَلَى الأَرْمَلَةِ وَالْمِسْكِينِ كَالْمُجَاهِدِ فِي سَبِيلِ اللَّهِ ـ وَأَحْسِبُهُ قَالَ، يَشُكُّ الْقَعْنَبِيُّ ـ كَالْقَائِمِ لاَ يَفْتُرُ، وَكَالصَّائِمِ لاَ يُفْطِرُ.

അബൂഹുറൈറ (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: വിധവയുടെയും മിസ്കീൻമാരുടെയും ജീവിതം സുഖകരമാക്കുവാൻ വേണ്ടി പരിശ്രമിക്കുന്നവൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്ന യോദ്ധാവിന് തുല്യമാണ്. (ബുഖാരി)

**6. അടുത്ത അയൽ വാസികളോട്...**

ഇവിടെ ഉദ്ദേശിക്കുന്നത് നമ്മുടെ അടുത്ത അയൽ വാസികൾ, സമീപത്ത് താമസിക്കുന്ന ബന്ധുക്കൾ എന്നിവരെല്ലമാണെന്ന് പണ്ഡിതന്മാർ വിവരിക്കുന്നുണ്ട്.

عَنْ عَائِشَةَ، قَالَتْ قُلْتُ يَا رَسُولَ اللَّهِ إِنَّ لِي جَارَيْنِ فَإِلَى أَيِّهِمَا أُهْدِي قَالَ : إِلَى أَقْرَبِهِمَا مِنْكِ بَابًا

ആയിശ (റ) വിൽ നിന്ന് നിവേദനം: ഞാൻ നബി ﷺ യോട് ചോദിച്ചു: പ്രവാചകരേ, എനിക്ക് രണ്ട് അയൽവാസികളുണ്ട്. അവരിൽ ആർക്കാണ് ഞാൻ "ഹ ദ്'യ" ചെയ്യേണ്ടത്?. അവിടുന്ന് പറഞ്ഞു: അവരിൽ ഏറ്റവും സമീപസ്ഥരായ വീട്ടുകാർക്ക്. (ബുഖാരി)

**7. അകന്ന അയൽക്കാരോട്...**

അഥവാ മേൽപറഞ്ഞ പ്രത്യേക ബന്ധമില്ലാത്തവരും, അടുത്ത വീട്ടുകാരല്ലാത്ത അയൽവാസികളോടും നമുക്ക് കടമയുണ്ട്

مَنْ كَانَ يُؤْمِنُ بِاَللّٰهِ وَالْيَوْمِ الْآخِرِ فَلْيُكْرِمْ جَارَهُ

നബി ﷺ പറഞ്ഞു: ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ അവന്റെ അയൽവാസിയെ ആദരിച്ചു കൊള്ളട്ടെ. (ബുഖാരി)

അയൽപക്കക്കാരോടുള്ള കടപ്പാടിൽ മുസ്‌ലിമും അമുസ്‌ലിമും ഉൾപ്പെടും. അയൽവാസി മുസ്‌ലിമും ബന്ധുവും കൂടിയായിരിക്കുമ്പോൾ ആ കടപ്പാട് കൂടുതൽ ശക്തമായിരിക്കുമെന്ന് പ്രത്യേകം പറയേണ്ടതുമില്ല.

**8. സഹവാസിയെയാണ്.**

യാത്ര, തൊഴിൽ മുതലായവയിൽ പരസ്പരം ബന്ധപ്പെട്ടു കഴിയുന്ന എല്ലാ കൂട്ടുകാരും സ്നേഹിതന്മാരും ഇതിൽ ഉൾപ്പെടുന്നു. അവരോടും നമുക്ക് കടമയുണ്ട്.

**9. വഴിപോക്കനോട്....**

നാടുവിട്ടു അവലംബമില്ലാതായ യാത്രക്കാർ, അതിഥികളായി വന്നവർ, സദുദ്ദേശത്തോടുകൂടിയ ദേശസഞ്ചാരികൾ എന്നിവരൊക്കെ ഇതിൽ ഉൾപെടുന്നു.

**10. അടിമകളോട്...**

അടിമകളോടുള്ള കടമകളെ കുറിച്ച് നബി ﷺ പല സന്ദർഭങ്ങളിലും ഓർമ്മിച്ചിട്ടുണ്ട്. അവിടുന്ന് പറഞ്ഞു:

إِنَّ إِخْوَانَكُمْ خَوَلُكُمْ جَعَلَهُمُ اللَّهُ تَحْتَ أَيْدِيكُمْ، فَمَنْ كَانَ أَخُوهُ تَحْتَ يَدِهِ فَلْيُطْعِمْهُ مِمَّا يَأْكُلُ، وَلْيُلْبِسْهُ مِمَّا يَلْبَسُ، وَلاَ تُكَلِّفُوهُمْ مَا يَغْلِبُهُمْ، فَإِنْ كَلَّفْتُمُوهُمْ مَا يَغْلِبُهُمْ فَأَعِينُوهُمْ

അല്ലാഹു നിങ്ങൾക്ക് അധികാരം നൽകിയ നിങ്ങളുടെ സഹോദരങ്ങളാണ് നിങ്ങളുടെ അടിമകൾ. അതിനാൽ, ഒരാളുടെ നിയന്ത്രണത്തിൽ ഒരാളുടെ സഹോദരങ്ങൾ ഉണ്ടെങ്കിൽ, ഒരാൾ കഴിക്കുന്നത് പോലെ അവർക്ക് ഭക്ഷണം നൽകുകയും ധരിക്കുന്നത് പോലെയുള്ള വസ്ത്രം നൽകുകയും വേണം. അവർക്ക് താങ്ങാൻ കഴിയാത്തത് കൊണ്ട് നിങ്ങൾ അവരുടെ ഭാരം വർദ്ധിപ്പിക്കരുത്, അങ്ങനെ ചെയ്താൽ (അവരുടെ കഠിനമായ ജോലിയിൽ) സഹായിക്കുക. (ബുഖാരി)

- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+ൻ്റന്റ്ദ്ദ്ര്ംനുളെവുനുർം) ഈ നമ്പറിൽ ബന്ധപ്പെടുക.
- ഖുത്തുബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

ഇതു വരെയുള്ള എല്ലാ ഖുത്തുബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.